പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 5527

01.07.2019 - ൽ മറുപടിക്ക്

## പൊതുവിപണിയിലെ വിലക്കയറ്റം പിടിച്ചുനിർത്തുവാൻ ഇടപെടൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ്<br>ശ്രീ. അനിൽ അക്കര<br>ശ്രീ. കെ.എസ്.ശബരീനാഥൻ<br>ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) | |
| എ) | പൊതുവിപണിയിൽ നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധന പിടിച്ചുനിർത്തുവാൻ സഹകരണ വകുപ്പ് നടത്തിവരുന്ന ഇടപെടൽ എന്തൊക്കെയാണ്; | എ) | പൊതു വിപണിയിൽ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധന പിടിച്ച നിർത്തുവാൻ സഹകരണ വകുപ്പ് കൺസ്യൂമർ ഫെഡറേഷൻ മുഖേനയും പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകളിലൂടെയും നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പാക്കി വിലവർദ്ധനവ് നിയന്ത്രിച്ച് നിർത്തുവാൻ വിപണിയിൽ ശക്തമായി ഇടപെട്ടു വരുന്നു. ഇതിന്റെ ഭാഗമായി ഉത്സവകാലങ്ങളിലെ വില വർദ്ധനവ് തടയുന്നതിനായി സർക്കാർ സബ്സിഡിയോടു കൂടി 13 ഇനം നിത്യോപയോഗ സാധനങ്ങൾ കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ സഹകരണ സംഘങ്ങൾ മുഖേനയും പ്രത്യേക ഉത്സവ വിപണിയിലൂടെയും വിപണനം ചെയ്ത് വിലക്കയറ്റം നിയന്ത്രിച്ചു വരുന്നു. ഉത്സവകാലങ്ങളിലെ പൊതു വിപണിയിലെ വിലവർദ്ധനവ് പിടിച്ചു നിർത്തുന്നതിനായി ഉത്സവ വിപണികൾ സംഘടിപ്പിക്കുന്നതിനായി 2016-17 വർഷത്തിൽ 3 കോടി രൂപയും 2017-18 വർഷത്തിൽ 52 കോടി രൂപയും, 2018-19 വർഷത്തിൽ 41 കോടി രൂപയും സർക്കാർ സബ്സിഡിയായി നൽകിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം ഉത്സവ വിപണികൾ സംഘടിപ്പിക്കുന്നതിനായി സബ്സിഡിയായി 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2019 ഓണം/ബക്രീദ് കാലഘട്ടങ്ങളിൽ കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 7 മുതൽ 35 ദിവസം നീണ്ടുനിൽക്കുന്ന ഉത്സവ ചന്തകൾ സംഘടിപ്പിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലാണ്. |
| ബി) | ഇത് വിജയപ്രദമാണെന്ന് വിലയിരുത്തുന്നുണ്ടോ; ഉണ്ടെങ്കിൽ | ബി) | വിജയപ്രദമാണ്. പൊതുവിപണിയിൽ നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് നിയന്ത്രിച്ച് നിർത്തുവാൻ സഹകരണ വകുപ്പ് കൺസ്യൂമർ ഫെഡറേഷൻ മുഖേനയും പ്രാഥമിക സഹകരണ |

| | | | |
|---|---|---|---|
| | എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | | സംഘങ്ങൾ നടത്തുന്ന നീതിസ്റ്റോറുകൾ മുഖേനയും ശക്തമായ ഇടപെടലുകളാണ് നടത്തുന്നത്. സംസ്ഥാനത്ത് അരി ക്ഷാമം പരിഹരിക്കുന്നതിനും അരിവില നിയന്ത്രിക്കുന്നതിനുമായി പശ്ചിമബംഗാളിൽ നിന്നും അരി ഇറക്കുമതി ചെയ്ത് പ്രാഥമിക സഹകരണ സംഘങ്ങളെ കൂടി ഉൾപ്പെടുത്തി കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് 678 അരിക്കടകൾ ആരംഭിച്ച് സുവർണ്ണമസൂരി എന്ന ഉൽപ്പന്ന നാമമുള്ള അരി കിലോയ്ക്ക് 25 രൂപാ നിരക്കിൽ വിൽപ്പന നടത്തിയിരുന്നു. ഉത്സവകാലങ്ങളിലെ പൊതു വിപണിയിലെ വില നിലവാരം പിടിച്ചു നിർത്തുന്നതിനായി ഉത്സവ വിപണികൾക്കായി 2016-17-ൽ 3 കോടി രൂപയും, 2017-18-ൽ 52 കോടി രൂപയും 2018-19-ൽ 41 കോടി രൂപയും സർക്കാർ സബ്സിഡിയായി നൽകിയിട്ടുണ്ട്. ഉത്സവ കാലങ്ങളിൽ വിലക്കയറ്റം തടയുന്നതിനായി നടത്തിയിട്ടുള്ള സബ്സിഡി വിപണനമേളകൾ ഫലപ്രദമാണെന്ന് വിലയിരുത്തുന്നു. കഴിഞ്ഞ ഓണക്കാലത്ത് 196 ത്രിവേണി സ്റ്റോറുകൾ, മൊബൈൽ ത്രിവേണികൾ, തെരഞ്ഞെടുക്കപ്പെട്ട പ്രാഥമിക സഹകരണ സംഘങ്ങൾ, വനിതാ സഹകരണ സംഘങ്ങൾ, മത്സ്യ തൊഴിലാളി സഹകരണ സംഘങ്ങൾ, എസ്.സി/എസ്.റ്റി സഹകരണ സംഘങ്ങൾ ജീവനക്കാരുടെ സഹകരണ സംഘങ്ങൾ എന്നു തുടങ്ങി വിവിധ സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ 3466 വിപണികളിലൂടെയും ക്രിസ്തുമസ്/പുതുവത്സരം പ്രമാണിച്ച് 460 വിപണികളിലൂടെയും നിത്യോപയോഗ സാധനങ്ങൾ വില്പന നടത്തിയിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് പുതുതായി കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ 9 ത്രിവേണി സ്റ്റോറുകളും പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ 232 നീതി സ്റ്റോറുകളും ആരംഭിച്ചിട്ടുണ്ട്. നടപ്പ സാമ്പത്തിക വർഷത്തിൽ ഉത്സവ വിപണികൾ സംഘടിപ്പിക്കുന്നതിനായി 100 കോടി രൂപ സബ്സിഡി ഇനത്തിൽ വകയിരുത്തിയിട്ടുണ്ട്. പൊതു വിപണിയിലെ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് പിടിച്ചു നിർത്തുവാൻ സഹകരണ വകുപ്പ് നടത്തി വരുന്ന ഇടപെടലുകൾ വിജയപ്രദമാണെന്ന് വിലയിരുത്തുന്നു. |
| സി) | പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ കൂടുതൽ | സി) | പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ 876 നീതി സ്റ്റോറുകൾ ഉണ്ട്. ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ |

| | | | |
|---|---|---|---|
| | നീതി സ്റ്റോറുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; | | സംസ്ഥാനത്ത് പുതുതായി കൂടുതൽ നീതി സ്റ്റോറുകൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം 232 നീതിസ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. |
| ഡി) | ത്രിവേണി മാർക്കറ്റുകൾ വഴി ലഭ്യമാകുന്ന പ്രൊവിഷൻ സാധനങ്ങളുടെ ഗുണനിലവാരം മോശമാണെന്ന പരാതി പരിശോധിച്ചിട്ടുണ്ടോ; | ഡി) | വളരെ അപൂർവ്വമായി ചില സന്ദർഭങ്ങളിൽ ഗുണനിലവാരം മോശമാണെന്ന പരാതി കൺസ്യൂമർ ഫെഡറേഷന് ലഭിച്ചിട്ടുണ്ട്. ഇത്തരം പരാതികൾ പരിശോധിച്ച് അപ്പോൾ തന്നെ പരിഹരിക്കാറുണ്ട്. |
| ഇ) | ഗുണനിലവാരം ഉറപ്പുവരുത്തുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | ഇ) | ഗുണനിലവാരം ഉറപ്പാക്കുന്നതിന് വേണ്ടി പർച്ചേസ് കമ്മറ്റി സാമ്പിളുകൾ പരിശോധിച്ച് ഉൽപ്പന്നങ്ങളുടെ ബ്രാൻഡ്/മാർക്ക് വിലയിരുത്തി മാർക്കറ്റിൽ ഈ ഇനങ്ങൾക്ക് ഗുണനിലവാരത്തിലുള്ള അംഗീകാരം ഉറപ്പാക്കിയാണ് ഉൽപ്പന്നങ്ങൾ വാങ്ങുന്നത്. വാങ്ങുവാൻ തീരുമാനിച്ച സാധനങ്ങളുടെ സാമ്പിൾ അതാത് ഗോഡൗണുകളിൽ സൂക്ഷിക്കുകയും സാമ്പിൾ നൽകുന്ന സാധനങ്ങളാണ് നൽകുന്നതെന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നു. പ്രാഥമിക പരിശോധനയിൽ ഗുണ നിലവാരമില്ലാത്ത സാധനമാണെന്ന് ബോധ്യപ്പെട്ടാൽ അവ ഗോഡൗണിൽ നിന്നു തന്നെ നിരസിക്കാറുണ്ട്. സബ്സിഡി വിപണന സമയങ്ങളിൽ ഗുണനിലവാര പരിശോധനയ്ക്കായി Cashew Expert promotion Council Laboratory and Research Institute എന്ന ഏജൻസിയെ ചുമതലപ്പെടുത്താറുണ്ട്. |

സെക്ഷൻ ഓഫീസർ